**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റാഫ് നേഴ്സുമാരായ ശ്രീമതി സ്വപ്ന തോമസും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)11749/2024 കേസിൽ ബഹു.ഹൈക്കോടതി 27/05/2024 ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2598/2024/H&FWD    തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:-

1. WP(C)11749/2024 നമ്പർ കേസിൽ ബഹു.ഹൈക്കോടതി 27/05/2024 ന് പുറപ്പെടുവിച്ച വിധിന്യായം.
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 11/08/2024 ലെ എൻ.സി.4/4658/2022/മെ.വി.വ നമ്പർ കത്ത്
3. സ.ഉ.സാധാ.നം.2588/2024/ആ.കു.വ തീയതി 30/10/2024.

**<u>ഉത്തരവ്</u>**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും, മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. ശ്രീമതി സ്വപ്നാ തോമസ്, ശ്രീമതി ജീജ കെ. മാത്യു, ശ്രീമതി സുനി മാത്യു, ശ്രീമതി ഷൈല എബ്രഹാം എന്നിവർ മുൻ പരിയാരം മെഡിക്കൽകോളേജിൽ ആദ്യം രണ്ടു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ നിയമിതരായവരാണ്. കരാർ കാലവധിയ്ക്ക് ശേഷം ടിയാളുകൾക്ക് അന്നത്തെ ഭരണസമിതി 01/05/2005 പ്രാബല്യത്തിൽ റെഗുലർ നിയമനം നൽകുകയുണ്ടായി. എന്നാൽ സ്ഥാപനം സർക്കാർ ഏറ്റെടുത്തതിനു ശേഷം രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്നും, അതുകൊണ്ട് മുൻകാല സേവനം കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡും ഡിഎ യും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള നിർദേശം നൽകണമെന്നുള്ള ആവശ്യം ഉന്നയിച്ച് ടിയാളുകൾ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 11749/2024 കേസ് ഫയൽ ചെയ്യുകയുണ്ടായി.

2. WP(C) 11749/2024 ലെ ആവശ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.

(i) Issue a Writ of Mandamus or any other Writ or order directing the respondents to grant 2nd Time Bound Higher Grade promotion to the Petitioners with effect from 31.08.2021.

(ii) Issue a Writ of Mandamus or any other Writ or order directing the respondent to grant DA on the basis of Pay Revision implemented w.e.f. 01.07.2019.

(iii) Dispense with filling the translation of vernacular documents. Grant such other relief as this Hon'ble court may deem fit and proper as on the facts and circumstances of the case.

3. പ്രസ്തുത WP(C) 11749/2024 ൽ ബഹു.ഹൈക്കോടതി 27/05/2024 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കും പ്രകാരമാണ്.

*" In this circumstances, this writ petition is disposed of directing the 4th respondent to take up Exhibit P9 and pass appropriate orders thereon in accordance with law after hearing the petitioners. The orders in this regard shall be passed in accordance the law, within a period of one month from the date of receipt of a certified copy of this judgment. As far as the grievances regarding the non-sanctioning of dearness allowance are concerned, it is ordered that, in case the petitioners submit a fresh representation highlighting the said grievance before the 2nd respondent within a period of one month from today, the same shall be considered by 2nd respondent, after hearing the petitioners and orders thereon in accordance with law shall be passed within a period of 4 months from the date of receipt of a copy of this judgment. "*

4. ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കേസിലെ ഹർജ്ജിക്കാരെ ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 23/10/2024ന് നേരിൽ കേൾക്കുകയുണ്ടായി.

5. ഹിയറിങ് വേളയിൽ ഹർജ്ജിക്കാർ ഉന്നയിച്ച വാദഗതികൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, സർക്കാർ പരിഗണനയിലുള്ള ഫയലുകളിലെ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി.

6. 2019ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും ( ഏറ്റെടുക്കലും നടത്തിപ്പും) 2019ലെ 13-ാം ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02.03.2019 പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് സർക്കാർ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുള്ളതാണ്. സഹകരണ മേഖലയിലെ സൊസൈറ്റിയിലെ സർവ്വീസ് സർക്കാർ സർവ്വീസിനൊപ്പം കൂട്ടിചേർക്കുന്നത് നിലവിലെ ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ പരിഗണിക്കാനാകില്ല എന്നതിനാൽ തന്നെ ടി ജീവനക്കാരുടെ മുൻകാല സർവ്വീസ് യാതൊരു സർവ്വീസ് / സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കില്ല എന്നും ഏറ്റെടുക്കൽ തീയതിയായ 02.03.2019 പ്രാബല്യത്തിൽ സർക്കാർ സർവ്വീസിൽ fresh entrant ആയി മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും ഏറ്റെടുക്കൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു.

7. ബഹു. കോടതി ഉത്തരവ് പരിഗണിച്ച് ഗ്രേഡ് അനുവദിക്കുകയാണെങ്കിൽ ടി വ്യക്തികളുടെ മുൻകാല സർവ്വീസ് പരിഗണിക്കേണ്ടതായി വരികയും തുടർന്ന് ആയത് മുഴുവൻ ജീവനക്കാർക്കും

ബാധകമാക്കേണ്ടിവരികയും മുൻകാല സർവ്വീസ് പരിഗണിച്ച് മറ്റ് പ്രൊമോഷനും ആനുകൂല്യങ്ങളും അനുവദിക്കേണ്ടി വരികയും കൂടാതെ സമാനമായി സഹകരണ മേഖലയിൽ നിന്നും ഏറ്റെടുത്ത കോളേജുകളിലെ ജീവനക്കാർക്കും ആയത് ബാധകമാക്കേണ്ടതായും ആയത് സർക്കാരിന് കനത്ത സാമ്പത്തിക ബാധ്യതയ്ക്ക് ഇടവരുത്തുകയും ചെയ്യുന്നതാണ്.

8. പ്രസ്തുത WP(C)യിൽ Ext P8 ആയി സമർപ്പിച്ചിരുന്നതും വിധിന്യായത്തിൽ സർക്കാരിനോട് പരിശോധിക്കുന്നതിനുമായി നിർദ്ദേശിച്ചിരുന്ന 31.12.2020ലെ E1/4300/13/GMCHK നടപടിക്രമം, സർക്കാർ അനുമതി ലഭ്യമാക്കാതെ കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പുറപ്പെടുവിച്ചിരുന്നതാണ്. അപ്രകാരം പ്രിൻസിപ്പൽ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ടി ജീവനക്കാരെല്ലാം തന്നെ പഴയകാല സർവ്വീസ് പരിത്യജിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ entry cadre തെരഞ്ഞെടുത്തതിനാൽ ടി ഉത്തരവിൻ പ്രകാരമുള്ള ആനുകൂല്യം ജീവനക്കാർക്ക് അനുവദിച്ചിട്ടില്ല. ടി നടപടിക്രമം റദ്ദ് ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

9. മേൽ സാഹചര്യത്തിൽ Time Bound Higher grade അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിക്കുന്നു .

10. 01.07.2019ലെ പേ റിവിഷന്റെ അടിസ്ഥാനത്തിൽ ഡി.എ. അനുവദിക്കണമെന്നതാണ് മറ്റൊരാവശ്യം. സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച / സൃഷ്ടിക്കുന്ന തസ്തികകളിൽ ജീവനക്കാരെ റഗുലറൈസ് ചെയ്യുന്ന മുറയ്ക്ക് ആ സ്കെയിലിന് സർക്കാർ അനുമതി പ്രകാരം അർഹമായ ക്ഷാമബത്ത അനുവദിക്കുന്നതാണ്. സർവ്വീസ് ക്രമപ്പെടുത്തുമ്പോൾ മാത്രം അർഹമാകുന്ന ക്ഷാമബത്ത ഇടക്കാലാശ്വാസമായി അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാലും അപ്രകാരം അനുവദിക്കുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാലും ടി ആവശ്യംപരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിക്കുന്നു .

11. WP(C)11749/2024 കേസിൽ ബഹു.ഹൈക്കോടതി 27/05/2024 ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SALINI O G
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ്ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ, (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പാൾ, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ
WP(C)11749/2024 കേസിലെ ഹർജ്ജിക്കാർക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ,മുഖേന)
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (എസ്സ് 1/119/2024/ആ.കു.വ).

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 01-11-2024 10:35:15

സെക്ഷൻ ഓഫീസർ